**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 255** **13-07-2022 - ൽ മറുപടിയ്ക്ക്**

**തൊഴിൽ മേഖലയിൽ ആരോഗ്യ പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ വ്യവസായ മേഖലകളിൽ തൊഴിലെടുക്കുന്നവർക്കുണ്ടാകുന്ന തൊഴിൽജന്യ രോഗങ്ങൾ സംബന്ധിച്ച് വിശദമായ പഠനവും വിശകലനവും നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. തൊഴിൽജന്യ രോഗങ്ങളിൽ പലതും സാധാരണയായി 5 മുതൽ 10 വർഷക്കാലങ്ങൾക്ക് ശേഷമാണ് രോഗലക്ഷണങ്ങൾ കാണിക്കുന്നതും കണ്ടുപിടിക്കപ്പെടുന്നതും. തൊഴിൽജന്യ രോഗങ്ങൾ വന്നു കഴിഞ്ഞാൽ പലതും ചികിത്സിച്ച് ഭേദമാക്കുന്നത് പ്രയാസകരമാണ്. എന്നാൽ തൊഴിൽജന്യ രോഗങ്ങൾ പലതും തടയാൻ കഴിയുന്നവയാണ്. ആയതിനാൽ തൊഴിൽജന്യ രോഗ നിർണ്ണയ സർവ്വേകൾ നടത്തി അത്തരം രോഗങ്ങൾ ഫലപ്രദമായി തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തൊഴിലാളികൾക്ക് നൽകുന്നത് അവരുടെ ആരോഗ്യം സംരക്ഷിക്കുവാനും നിലനിർത്തുവാനും സഹായകരമാകുന്നു. |
| (ബി) | തൊഴിൽജന്യ രോഗങ്ങളെ ആരംഭത്തിൽ തന്നെ കണ്ടെത്തി ഫലപ്രദമായ ചികിത്സയിലൂടെ ആരോഗ്യപൂർണ്ണമായ തൊഴിലാളി സമൂഹം സൃഷ്ടിക്കുന്നതിനുവേണ്ടി വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | 2015 വർഷം മുതൽ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലെ തൊഴിൽ ആരോഗ്യ ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ക്രഷർ, കശുവണ്ടി, കയർ, മത്സ്യസംസ്കരണം, പായ്ക്കിംഗ്, ചുമട്ടുതൊഴിലാളികൾ, ടെക്സ്റ്റൈൽ, പ്ലൈവുഡ്, സ്റ്റീൽ ഇൻഡസ്ട്രീസ് എന്നീ മേഖലകളിലെ തൊഴിലാളികൾക്ക് തൊഴിൽജന്യ രോഗ നിർണ്ണയ സർവ്വേകളും സ്പൈറോമെട്രി, ബ്ലഡ് ഷുഗർ, പാപ്സ്മിയർ എന്നീ പരിശോധനകളും സൗജന്യമായി നടത്തി വരുന്നുണ്ട്. ക്രഷർ ഫാക്ടറിയിലെ തൊഴിലാളികൾക്ക് സിലിക്കോസിസ് എന്ന തൊഴിൽജന്യ രോഗ നിർണ്ണയം നടത്താനും, കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് പാപ്സ്മിയർ പരിശോധന നടത്തിയതുവഴി ഒരു സ്ത്രീയ്ക്ക് ക്യാൻസറിന്റെ പ്രാരംഭഘട്ടത്തിൽ തന്നെ രോഗനിർണ്ണയം നടത്തുവാനും ആർ.സി.സി. ഉൾപ്പെടെയുള്ള ആശുപത്രികൾ മുഖാന്തിരം |

| | | | |
|---|---|---|---|
| | | | ചികിത്സ നൽകാൻ ഫാക്ടറി മാനേജ്മെന്റിനോട് നിർദ്ദേശിക്കാനും സാധിച്ചിട്ടുണ്ട്. കോവിഡ് കാലഘട്ടത്തിൽ കോവിഡ് തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പ്രതിവിധികളും തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ അതിഥി തൊഴിലാളികൾക്കായി ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ 2021-22 സാമ്പത്തിക വർഷം 191 മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും ബോധവൽക്കരണ ക്ലാസ്സുകളും, മലേറിയ രോഗ നിർണ്ണയ പരിപാടികളും സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഏറ്റവും കൂടുതൽ സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്ന കശുവണ്ടി, കയർ, മത്സ്യ സംസ്കരണം, പായ്ക്കിംഗ്, തോട്ടം തുടങ്ങിയ മേഖലകളിൽ ആരോഗ്യകരമായ തൊഴിൽ ചുറ്റുപാടുകൾ സൃഷ്ടിക്കുന്നതിനുവേണ്ടി നിരന്തരമായ പരിശോധനകളും മെഡിക്കൽ ക്യാമ്പുകളും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (സി) | കശുവണ്ടി, കയർ, മത്സ്യസംസ്കരണം, പായ്ക്കിംഗ്, ടെക്സ്റ്റൈൽ, പ്ലൈവുഡ്, സ്റ്റീൽ ഇൻഡസ്ട്രീസ് എന്നീ മേഖലകളിലെ സ്ത്രീ തൊഴിലാളികൾക്ക് സ്പൈറോമെട്രി, ബ്ലഡ് ഷുഗർ, പാപ്സ്മിയർ എന്നീ പരിശോധനകളും ആവശ്യമായവർക്ക് മരുന്നും സൗജന്യമായി നൽകിയിട്ടുണ്ട്. കൂടാതെ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ നേതൃത്വത്തിൽ തൊഴിലാളികൾക്കും മാനേജ്മെന്റിനും ആരോഗ്യ സംരക്ഷണത്തെപ്പറ്റിയും ഫസ്റ്റ് എയ്ഡിനെപ്പറ്റിയും മെഡിക്കൽ സർവ്വേ ക്യാമ്പുകളിലും സുരക്ഷാരഥം വഴിയും നിരന്തരമായി ക്ലാസ്സുകളും ശിൽപശാലകളും നടത്തി വരുന്നുണ്ട്. തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം തൊഴിലാളികളിൽ നിന്നും പരാതി ലഭിക്കുന്ന മുറയ്ക്കും കൂടാതെ സെൻട്രൽ ഇൻസ്പെക്ഷൻ സിസ്റ്റത്തിൽ ഷെഡ്യൂൾ ചെയ്യും സ്ഥാപനങ്ങളിൽ പരിശോധന നടത്തുമ്പോൾ തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്താറുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താത്ത തൊഴിലുടമകൾക്ക് നിയമലംഘനം സംബന്ധിച്ച് നോട്ടീസ് നൽകി ആയത് പരിഹരിക്കാറുണ്ട്. തോട്ടം മേഖലയിൽ ആരോഗ്യകരമായ ചുറ്റുപാടുകളിലാണ് തൊഴിലാളികൾ ജോലി ചെയ്യുന്നത് എന്ന് ഉറപ്പുവരുത്തുന്നതിനായി പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ പരിശോധനകൾ നടത്തുകയും, തൊഴിലാളികൾക്കും തൊഴിലുടമകൾക്കും ശുചിത്വം സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയും, ഫോഗിംഗ്, ബ്ലീച്ചിംഗ്, ക്ലോറിനേഷൻ തുടങ്ങിയ പ്രവർത്തനങ്ങളും ചെയ്യാറുണ്ട്. |
| (ഡി) | രാസവസ്തു സംസ്കരണ ശാലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മതിയായ സുരക്ഷിതത്വവും | (ഡി) | സ്വീകരിച്ചു വരുന്നുണ്ട്. രാസവസ്തു സംസ്കരണ ശാലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് സുരക്ഷിതത്വവും ആരോഗ്യ പരിരക്ഷയും |

| | | | |
|---|---|---|---|
| | ആരോഗ്യ പരിരക്ഷയും ഉറപ്പവരുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | | ഉറപ്പവരുത്തുന്നതിനായി **1948-**ലെ ഫാക്ടറി നിയമത്തിലെ ഹസാർഡസ് ഫാക്ടറികൾക്ക് ബാധകമാകുന്ന നിയമങ്ങൾ പ്രകാരം മെക്കാനിക്കൽ**,** കെമിക്കൽ എൻജിനീയർമാരും മെഡിക്കൽ ആഫീസറും ഉൾപ്പെടുന്ന ഒരു ടീം മേഖലാ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ പ്രയോരിറ്റി ഇൻസ്പെക്ഷൻ നടത്തുകയും കൊല്ലത്തെ ഇൻഡസ്ട്രിയൽ ഹൈജീൻ ലാബിന്റെ സഹായത്തോടെ തൊഴിൽ സ്ഥലങ്ങളിലെ രാസവസ്തുക്കളുടെ സാന്നിധ്യം ഉൾപ്പെടെയുള്ള എയർ മോണിറ്ററിംഗ് സ്റ്റഡി നടത്തുകയും ഫാക്ടറികളിൽ ആവശ്യമായ മുൻകരുതലുകളും സുരക്ഷാ സംവിധാനങ്ങളും സ്വീകരിക്കുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ആയവ നടപ്പിലാക്കിയെന്നത് ഇൻസ്പെക്ഷനിലൂടെ ഉറപ്പവരുത്തുകയും ചെയ്യാറുണ്ട്**.** |

സെക്ഷൻ ഓഫീസർ